**16. വനിത സഹകരണ സംഘങ്ങൾക്കും വനിത ഫെഡിനുമുള്ള സഹായം.**
**( വിഹിതം 320.00 ലക്ഷം രൂപ.)**

| 2025-26 വിഹിതം | 2025-26 ചെലവ് (31.03.2026) | ശീർഷകം | 2026-27 വിഹിതം |
|---|---|---|---|
| 212.00 | 54.30 | 2425-108-31-34-3 | 220.00 |
| 142.00 | 0.00 | 4425-108-26-34-3 | 100.00 |
| **354.00** | **54.30** | **ആകെ** | **320.00** |

വനിത സഹകരണ സംഘങ്ങളുടെ വികസനത്തിനായാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. വനിത സഹകരണ സംഘങ്ങൾക്കും, കേരള സംസ്ഥാന വനിത സഹകരണ ഫെഡറേഷനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കാനുള്ള സഹായം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ 100 ശതമാനം വനിതകളായിരിക്കും. പ്രധാനപ്പെട്ട ഘടകങ്ങൾ ഇവയാണ്.

എ) ദുർബലമായ വനിതാ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിന് സഹായം.

ബി)വരുമാനവും തൊഴിലവസരവും സൃഷ്ടിക്കുന്ന പദ്ധതികൾക്കുള്ള സഹായം.

സി) വനിതാ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് ജില്ലാ തലത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സഹായം.

ഡി) ലാഭത്തിൽ പ്രവർത്തിക്കുന്നതോ കാര്യക്ഷമമായ പദ്ധതികൾ ഏറ്റെടുക്കാൻ പ്രാപ്തിയുള്ളതോ ആയ വനിതാ സഹകരണ സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനസഹായം.

ഇ) വനിതാ സഹകരണ സ്ഥാപനങ്ങൾക്ക് ശിൽപശാലകൾ/പരിശീലനം നടത്തുന്നതിനുള്ള സഹായം.

എഫ്) കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, സ്വയം സഹായസംഘങ്ങൾ എന്നിവയുമായി സഹകരിച്ച് വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സാമ്പത്തിക സഹായം.

ജി) ഡേകെയർ, പാലിയേറ്റീവ് കെയർ യൂണിറ്റ്, ടൂറിസം, മാലിന്യ സംസ്കരണം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സഹായം.

എച്ച്) ഉൽപ്പാദന യൂണിറ്റുകൾ ഏറ്റെടുക്കുന്ന വനിത സഹകരണ സൊസൈറ്റികൾക്ക് പരമാവധി 5.00 ലക്ഷം രൂപ വരെ പ്രോത്സാഹനം നൽകുന്നു.

2026-27 ബഡ്ജറ്റിൽ 320.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി നീക്കി വച്ചിരിക്കുന്നു.